Talented Bankers Literary Panel
പുസ്തക പരിചയം 282

പരിചയപ്പെടുത്തുന്നത്,
അനിത വി കെ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
തിരുവനന്തപുരം.

മെമ്മറി പോലീസ്.
യോകോ ഒഗാവാ.

ക്രൈം No 25/83

മറവി സ്വഭാവികമാണ്, സാധാരണയാണ്.
Pഈ മറവി കുറച്ചുകഴിയുമ്പോൾ ഓർമയായി തിരിച്ചെത്തും. എന്നാൽ മറന്നുപോയ, മറവിയിലേക്കാണ്ടു പോയവ, മറവിയുടെ അഗാധതയിലേക്ക് തന്നെ അപ്രത്യക്ഷമായാലോ, ഒരടയാളവും അവശേഷിപ്പിക്കാതെ, അവ ഓർമ്മകളായാലും വസ്തുക്കളായാലും ആളുകളായാലും. പിന്നീട് ആരെങ്കിലും അവ ഓർത്തെടുക്കുന്നത്, ഓർക്കാൻ ശ്രമിക്കുന്നത് കുറ്റകരമായാലോ.. അവ മണത്തറിയുന്ന അധികാരികൾ നിങ്ങളെ എന്നെന്നേക്കുമായി മറവിയുടെ കയങ്ങളിലാക്കിയാലോ..

അപ്രത്യക്ഷമാകൽ പതിവാണ് ആ ദ്വീപിൽ. ഒരു അപ്രത്യക്ഷമാകലിനു ശേഷം ദ്വീപ് സംഭ്രമിക്കും, നഷ്ടപ്പെട്ടതിനെപറ്റി സംസാരിക്കാൻ ആളുകൾ ചെറു സംഘങ്ങളായി ഒത്തുകൂടും. അപ്രത്യക്ഷമായതു ശരീരമുള്ള വസ്തുവാണെങ്കിൽ, അത് കുഴിച്ചിടാൻ, കത്തിക്കാൻ, പുഴയിലൊഴുക്കാൻ എല്ലാവരും ഉണ്ടാകും, ഒരു ബഹളവുമില്ലാതെ. കുറച്ചു ദിവസം കഴിയുമ്പോൾ എന്താണ് അപ്രത്യക്ഷമായതെന്നു ആർക്കും ഓർത്തെടുക്കാൻ പോലും കഴിയില്ല. കാര്യങ്ങൾ പെട്ടെന്ന് സാധാരണ ഗതിയിലാകും, അടുത്ത അപ്രത്യക്ഷമാകൽ വരെ.
ആരെങ്കിലും അപ്രത്യക്ഷമായതിനെ പറ്റി ഓർക്കുന്നുവെങ്കിൽ, അവയിലൊന്നെങ്കിലും സൂക്ഷിച്ചു വയ്ക്കുന്നെങ്കിൽ, മെമ്മറി പോലീസ് അവരെ അറസ്റ്റ് ചെയ്തു കൊണ്ടുപോകും, ഒരോർമ്മ പോലും അവശേഷിപ്പിക്കാതെ.

ശബ്ദം നഷ്ടപ്പെട്ടവളെ കുറിച്ചുള്ള പുതിയ നോവൽ എഴുതി കൊണ്ടിരിക്കുന്ന നോവലിസ്റ്റിന്റെ, എഡിറ്റർ, മാതാപിതാക്കളുടെ പഴയ സുഹൃത്താണ്. ഓർമ്മ സൂക്ഷിച്ചിരുന്ന അമ്മയെ മെമ്മറി പോലീസ് കൊണ്ടുപോയി, പക്ഷി നിരീക്ഷകനായിരുന്ന അച്ഛൻ, മരിച്ചശേഷമാണ് പക്ഷിക്കൂട്ടം അപ്രത്യക്ഷമായത്.
റോസപ്പൂക്കൾ അപ്രത്യക്ഷമായ ദിവസമാണ്, ഏറെക്കാലത്തിനു ശേഷം പെൺകുട്ടി, എഡിറ്ററെ കാണുന്നത്. ഓർമ്മകൾ ഉള്ളതുകൊണ്ട് പോലീസ് വേട്ടയാടുന്ന എഡിറ്ററെ, വയോധികനായ കടത്തുകാരന്റെ സഹായത്തോടെ, വീടിന്റെ കള്ള അറയിൽ ഓർമിപ്പിക്കുന്നു.

ശിൽപ്പികൂടി ആയിരുന്ന അമ്മ ഒളിപ്പിച്ചു വച്ചിരുന്ന വസ്തുക്കളുടെ ... ടിക്കറ്റ്, കമ്മൽ, ഭൂപടം, മിട്ടായി, റിബൺ, തൊപ്പികൾ, തുടങ്ങിയ നിരോധിത വസ്തുക്കളുടെ സഹായത്തോടെ, എഡിറ്റർ പെൺകുട്ടിയുടെ ഓർമ്മ തിരികെ കൊണ്ടുവരാൻ ശ്രമിക്കുന്നു. ആ ശ്രമം തുടരുന്നതിനിടെ ദ്വീപിൽ നിന്നും സ്വപ്നങ്ങളും, ശബ്ദവും, ശരീരഭാഗങ്ങളും ഒക്കെ അപ്രത്യക്ഷമാകാൻ തുടങ്ങുന്നു, എഡിറ്ററും പെൺകുട്ടിയും മാഞ്ഞു തുടങ്ങുന്നു...

ഭീതി മനുഷ്യന്റെ വിധിയാണ്, പേടിച്ചരണ്ടു തന്നെയാണ് നാമും ജീവിക്കുന്നത്. അജ്ഞാതമായതിനെ, അപരിചിതരെ, ഇരുട്ടിനെ അങ്ങനെയങ്ങനെ. ഭരണകൂട ഭീകരതയുടെ ഇരകളക്കപ്പെടുന്നവരുടെ ആത്മബോധത്തിന്റെ നിസ്സഹായത, ഓരോ നിമിഷവും ഭയത്തോടെ അല്ലാതെ നോക്കിക്കാണാനാവില്ല..

അപ്രത്യക്ഷമാകൽ പതിവായി കൊണ്ടിരിക്കുന്ന ഒരു ദ്വീപിന്റെയും മറവി സ്വഭാവികതയായി കണക്കാക്കുന്ന ദ്വീപുനിവാസികളുടെയും കഥ പറയുന്ന ഈ നോവൽ, ജാപ്പനീസ് നോവലിസ്റ്റായ യോകോ ഒഗാവ യുടേതാണ്.
2020 ലെ ഇന്റർ നാഷണൽ ബുക്കർ പ്രൈസിന് ഷോർട് ലിസ്റ്റ് ചെയ്യപ്പെട്ടതും.

വിവർത്തകനായ ജയേഷ്, കൃതിയോട് നീതി പുലർത്തിയെന്ന്, വായിച്ചു കഴിഞ്ഞു ദിവസങ്ങളോളം നീണ്ടു നിൽക്കുന്ന അസ്വസ്ഥത സാക്ഷ്യപ്പെടുത്തുന്നു.

വില..299 രൂപ
ഒരു ഡിസി ബുക്സ് പ്രസിദ്ധീകരണം